
മഞ്ജുളൻ


ജിനോ ജോസഫ്

ഗ്ര പ്രമേയ വികാസം സാധ്യമാകുന്നില്ല.

കോഴിക്കോട് നന്മയുടെ 'എംബ്രിയോ' രണ്ട് നടിമാരുടെ അതിഭാവുകത്വം നിറഞ്ഞ അഭിനയംകൊണ്ട് 'ശ്രദ്ധേയ'മായിരുന്നു. നാടകരചനാപരമായ അപാകത സംവിധാന–അഭിനയ മികവുകൊണ്ട് മറികടക്കാൻ സാധ്യമല്ലെന്നതിൻെറ ഉത്തമ മാതൃകയായിരുന്നു ഈ നാടകം. മികച്ച സംവിധായകനുള്ള പുരസ്കാരം ഈ നാടകമൊരുക്കിയ മഞ്ജുളനാണ് ലഭിച്ചത്.

നീതിനിഷേധത്തിനെതിരെ പൊരുതുന്നവർക്കായി സമർപ്പിച്ച , റിയാസ് സംവിധാനം ചെയ്ത 'ഒച്ച' രംഗപ്രയോഗത്തിൻെറ നൂതനമായ അന്വേഷണമാണ്. ദേശീയവും സാർവദേശീയവുമായ ഭരണകൂട ഭീകരതയും വ്യാജ ഏറ്റുമുട്ടലുകളുമെല്ലാം അരങ്ങിൻെറ ഭാഷയിൽ ആവിഷ്കരിക്കുമ്പോൾ തന്നെ രംഗസങ്കേതങ്ങളുടെ അസ്വാഭാവിക പ്രകടനങ്ങൾ ആസ്വാദനത്തെ പ്രതികൂലമാക്കി.

ജീവിതയാഥാർഥ്യങ്ങളെ സൂക്ഷ്മമായി ആവാഹിച്ച് നൂതനമായ ഭാവുകത്വത്തോടെ ആവിഷ്കരിക്കാൻ അമച്വർ നാടകവേദി വളർന്നുകൊണ്ടിരിക്കുന്ന സൂചനകളാണ് സംഗീത നാടക അക്കാദമിയുടെ അമച്വർ നാടകമത്സരം നൽകുന്നത്.

●





ലണ്ടൻ നഗര ദൃശ്യം

# പൗണ്ടിൽ മുങ്ങിയ ഓണം

**കാരൂർ സോമൻ**

തിരക്കുകൾക്കിടയിൽ സമയമില്ലാതെ ഓടുന്നവരാണ് ലണ്ടൻ മലയാളികൾ. രാത്രിയുടെ മൂന്നാം യാമത്തിൽ തന്നെ ജോലിക്കായി വീട്ടിൽ നിന്നിറങ്ങും, പിന്നെ തിരിച്ചു കയറുന്നത് ഏതോ യാമത്തിലായിരിക്കും. ഇതിനിടയിൽ ബർഗറിലും സാൻഡ്വിച്ചിലും കടിച്ചുപറിച്ചു എങ്ങനെയെങ്കിലും ഒന്നു കണ്ണടച്ച് കഴിയുന്നവരാണ് ലണ്ടൻ മലയാളികളധികവും. അതിനിടയിൽ ഇവിടെ ഓണമെന്നോ സംക്രാന്തിയെന്നോ ഉണ്ടോ എന്ന് ഓരോ മലയാളിയും അറിയാതെ ചിന്തിച്ചു പോകും. കുതിച്ചുകയറുന്ന വിലക്കയറ്റത്തിനു നടുവിൽ നിന്നു കൊണ്ടു വേണം ആഘോഷങ്ങളെ പറ്റി ചിന്തിക്കാൻ. അതു തന്നെയുമല്ല, ഓണമെന്നു പറഞ്ഞാൽ ഏത് സായ്പ് ആണ് അവധി തരുന്നത്? അതൊക്കെ, നോക്കിയും കണ്ട് അങ്ങ് ആഘോഷിക്കാമെന്നു വച്ചാൽ പൗണ്ടിൻെറ വില നൂറിൽ നൂറടിച്ചു നിൽക്കുവല്ലേ... ഈ അവസ്ഥയിൽ പത്തു പൈസ ഉണ്ടാക്കണോ, അതോ കിട്ടിയ പൗണ്ട് കാണം ഓണം എന്നൊക്കെ പറഞ്ഞ് അടിച്ചു പൊളിച്ചു തീർക്കണോ എന്ന് ഏതൊരു വിദേശമലയാളിയെയും പോലെ ലണ്ടൻ മലയാളിയും ചിന്തിച്ചുപോകും. അതു തന്നെയാണ് ഇത്തവണ ഓണത്തിനും സംഭവിച്ചത്.

പൊറുക്കുക, മാവേലി... ഇത്തവണ പൗണ്ടിന് എക്സ്ചേഞ്ച് റേറ്റ് കൂടി നിന്നതുകൊണ്ട് ഞങ്ങൾ ഓണമങ്ങ് സ്കിപ് ചെയ്തു. ഇനിയും ദിവസം കിടപ്പുണ്ടല്ലോ. അതുകൊണ്ട് സെലിബ്രേഷൻസിനു വേണ്ടി ഞങ്ങൾ വെയിറ്റ് ചെയ്തുകൊള്ളാം. പൗണ്ടിൻെറ വില ഒന്നു കുറഞ്ഞോട്ടെ. ചിക്കൻെറയും മിൽക്കിൻെറയും റേറ്റും ഒന്നു സ്ലാഷ് ചെയ്തോട്ടെ... വെയിറ്റ് ആൻഡ് സീ... ഇംഗ്ലണ്ടിനെ സംബന്ധിച്ചിടത്തോളം മലയാളിയാണെങ്കിലും സായ്പാണെങ്കിലും മറ്റ് ഏതൊരു രാജ്യക്കാരനാണെങ്കിലും ഡിസിപ്ലിനാണ് ഇവിടുത്തെ ഏറ്റവും വലിയ കൾചർ. അതുകൊണ്ട് ഓണം എന്ന ആഘോഷ മഹാമഹത്തെ ഞങ്ങൾ ഡിസിപ്ലിനോടെ തന്നെ മാറ്റി വെക്കുകയാണ്. കിട്ടിയ കാശൊക്കെ എൻ.ആർ.ഐ അക്കൗണ്ട് വഴി പലരും ഇന്ത്യൻ മണിയാക്കി കഴിഞ്ഞു. പലരും ഒന്നാം വീടും രണ്ടാം വീടും ഫ്ലാറ്റ് വാങ്ങീരുമൊക്കെ നടത്തിയത് ഈ പൗണ്ടിൻെറ വിലക്കയറ്റം കണ്ടാണ്. കിട്ടാവുന്നിടത്തു



നിന്നൊക്കെ കടംമേടിച്ചു, മോർട്ഗേജ് കഴിഞ്ഞിട്ട് ബാക്കി വെച്ചിരുന്ന പൗണ്ടൊക്കെ എടുത്ത് നാട്ടിലേക്ക് അയച്ചു. അവിടെ അക്കങ്ങൾ പെരുകുന്നതു കണ്ട് ശരിക്കും ഓണം മനസ്സിൽ ലഡു പൊട്ടുന്നതു പോലെ ആഘോഷിക്കുകയായിരുന്നു, ഞങ്ങൾ മലയാളികൾ എന്നു പറയട്ടെ.

ലിവർപൂളിലോ, മാഞ്ചസ്റ്ററിലോ, എന്തിന് ലണ്ടനിൽ പോലും നാലു മലയാളികൾ കൂടിയിടത്ത് പായസത്തെക്കുറിച്ചോ, പാലടയെക്കുറിച്ചോ ഉപ്പേരി–ഓണസദ്യയെക്കുറിച്ചോ ആരും ഒന്നും മിണ്ടുന്നതു കേട്ടിട്ടില്ല. എല്ലാവർക്കും അറിയേണ്ടിയിരുന്നത് ലോൺ ക്രൈറ്റീരിയകളെപ്പറ്റിയും ലോൺ എലിജിബിലിറ്റിയെക്കുറിച്ചുമായിരുന്നു. മലയാളി എവിടെ ചെന്നാലും നാലുകാലിൽ ഇരന്നു ജീവിക്കുമെന്നൊരു ചൊല്ല് വെളുത്ത വർഗക്കാർക്ക്പണ്ടേ ഉണ്ട്. അതു തൂത്താൽ പോവില്ലല്ലോ. അക്ഷരാർഥത്തിൽ ആർക്കും തോന്നിപ്പോവുമായിരുന്നു, ഈ മണി എക്സ്ചേഞ്ചിനു മുന്നിലെ ക്യൂ കണ്ടപ്പോൾ. ഒരു പൈസക്ക് വേണ്ടിയുള്ള മലയാളിയുടെ സ്ലേവറി കെഞ്ചൽ കണ്ടപ്പോൾ മഹാബലിയുടെ ദാനധർമാദികളെക്കുറിച്ചൊക്കെ ഓണക്കാലത്തെ മലയാളികൾ ഇവിടെ മറന്നുപോയിരിക്കുന്നു.

കാറും വീടും വാങ്ങി ലോണെടുത്തു മുടിഞ്ഞവരാണ് ക്രെഡിറ്റ് കാർഡ് അടക്കമുള്ളവയിൽ നിന്ന് പിന്നെയും പിന്നെയും ലോണെടുത്ത് കേരളത്തിലേക്ക് കാശ് ട്രാൻസ്ഫർ ചെയ്തത്. ഇങ്ങനെയൊക്കെ കാശ് കുമിഞ്ഞു കൂട്ടിവെച്ചിട്ട് പാലും ബട്ടറും പോലും വാങ്ങിക്കാതെ, ഡിപാർട്ട്മെൻറൽ സ്റ്റോറിൽ പോയി മണിക്കൂറിന് പത്തു പൗണ്ടിന് പിന്നെയും ജോലി ചെയ്യുന്നവരെ കണ്ടപ്പോൾ തോന്നിപ്പോയി; ഇവരൊക്കെ കേരളത്തിൽ ഈ പണി ചെയ്തിരുന്നുവെങ്കിൽ പണ്ടേ കേരളം ദൈവത്തിൻെറ സ്വന്തം സാമ്രാജ്യമായേനെ എന്ന്... അതിനൊക്കെയും ഒരു യോഗം വേണമെന്ന് ലണ്ടൻ സ്ട്രീറ്റിലെ തിരക്കുകൾക്കിടയിൽ നിന്ന് ആരോ അശരീരി പോലെ പറയുന്നത് കേട്ടു. ശരിയല്ലേ...

●